**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 172** **22-07-2021 - ല്‍ മറുപടിയ്ക്ക്**

**വ്യവസായ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കാന്‍ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ. ഷാഫി പറമ്പില്‍ ,<br>ശ്രീ. ഐ .സി .ബാലകൃഷ്ണന്‍ | | **Shri. P. Rajeeve**<br>(നിയമം, വ്യവസായം, കയര്‍ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വ്യവസായ സൗഹൃദ അന്തരീക്ഷം ഇല്ലാതായിരിക്കുന്നു എന്ന ആക്ഷേപം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; | (എ) | വ്യവസായ സൗഹൃദാന്തരീക്ഷം ഒരു പ്രത്യേക നയമായി സംസ്ഥാന സര്‍ക്കാര്‍ ഏറ്റെടുത്തിട്ടുണ്ട്. സംസ്ഥാനത്ത് വ്യവസായ സൗഹൃദ അന്തരീക്ഷം തികച്ചും സംരംഭാനുകൂലമാണ്. സംരംഭകരുടെ പ്രവര്‍ത്തനത്തെ ദോഷകരമായി ബാധിക്കുന്ന ഒന്നും തന്നെ സര്‍ക്കാരിന്റെ ഭാഗത്തു നിന്നും ഉണ്ടായിട്ടില്ല. ആയതിനാല്‍ സംരംഭകര്‍ കേരളത്തില്‍ നിന്നും പദ്ധതി ഉപേക്ഷിച്ച് പോകുന്ന സാഹചര്യം നിലവിലില്ല. ചില ഒറ്റപ്പെട്ട സംഭവങ്ങള്‍ ഒഴികെ കേരളത്തില്‍ നിന്നും പദ്ധതി ഉപേക്ഷിച്ച് പോകുന്നുവെന്ന ആക്ഷേപം സംരംഭകരുടെ ഭാഗത്തു നിന്നും ഉണ്ടായിട്ടില്ല. ഇക്കാര്യം വ്യവസായസംരംഭക പ്രതിനിധികളും സംഘടനകളും വ്യക്തമാക്കിയിട്ടുണ്ട്. എന്നാല്‍ വസ്തുതാപരമല്ലാത്ത ചില തെറ്റായ പ്രചാരണം ബോധപൂര്‍വ്വം നടത്തുന്നതായി സര്‍ക്കാരിന്റെ ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ട്. |
| (ബി) | കേരളത്തില്‍ നിന്നും വ്യവസായങ്ങളെ പുറത്താക്കുന്നു എന്ന രീതിയില്‍ കിറ്റക്സ് ഗാര്‍മെന്‍റ്സ് മാനേജിംഗ് ഡയറക്ടര്‍ പ്രസ്താവന നടത്തിയതായി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; എങ്കില്‍ വ്യക്തമാക്കുമോ; | (ബി) | വ്യവസായ സൗഹൃദാന്തരീക്ഷം ഒരു പ്രത്യേക നയമായി സംസ്ഥാന സര്‍ക്കാര്‍ ഏറ്റെടുത്തിട്ടുണ്ട്. സംസ്ഥാനത്ത് വ്യവസായ സൗഹൃദ അന്തരീക്ഷം തികച്ചും സംരംഭാനുകൂലമാണ്. സംരംഭകരുടെ പ്രവര്‍ത്തനത്തെ ദോഷകരമായി ബാധിക്കുന്ന ഒന്നും തന്നെ സര്‍ക്കാരിന്റെ ഭാഗത്തു നിന്നും ഉണ്ടായിട്ടില്ല. ആയതിനാല്‍ സംരംഭകര്‍ കേരളത്തില്‍ നിന്നും പദ്ധതി ഉപേക്ഷിച്ച് പോകുന്ന സാഹചര്യം നിലവിലില്ല. ചില ഒറ്റപ്പെട്ട സംഭവങ്ങള്‍ ഒഴികെ കേരളത്തില്‍ നിന്നും പദ്ധതി ഉപേക്ഷിച്ച് പോകുന്നുവെന്ന ആക്ഷേപം സംരംഭകരുടെ ഭാഗത്തു നിന്നും ഉണ്ടായിട്ടില്ല. ഇക്കാര്യം വ്യവസായസംരംഭക പ്രതിനിധികളും സംഘടനകളും വ്യക്തമാക്കിയിട്ടുണ്ട്. എന്നാല്‍ വസ്തുതാപരമല്ലാത്ത ചില തെറ്റായ പ്രചാരണം ബോധപൂര്‍വ്വം നടത്തുന്നതായി സര്‍ക്കാരിന്റെ ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | കിറ്റക്സ് ഗ്രൂപ്പ് കേരളത്തിൽ നടപ്പാക്കാൻ തീരുമാനിച്ചിരുന്ന മൂവായിരത്തി അഞ്ഞൂറ് കോടി രൂപയുടെ നിക്ഷേപ പദ്ധതി ഏത് രീതിയിലുള്ളതായിരുന്നുവെന്നും എത്രപേർക്ക് തൊഴിൽ നൽകാൻ കഴിയുന്നതായിരുന്നുവെന്നും അറിയാമോ; | (സി) | കിറ്റെക്സ് ഗ്രൂപ്പ് 3500 കോടി രൂപയുടെ താല്പര്യപത്രം സർക്കാരുമായി ഒപ്പുവച്ചിരുന്നു. ഇതിനു ശേഷം ഒരു പ്രാവശ്യം 2020 മാർച്ചിൽ മീറ്റിംഗ് നടത്തിയിരുന്നുവെങ്കിലും പിന്നീട് വ്യവസായ വകുപ്പുമായി തുടർചർച്ചക്ക് സന്നദ്ധമായിട്ടില്ല. ആയതിനാൽ പ്രസ്തുത നിക്ഷേപ പദ്ധതിയുടെ വിശദാംശങ്ങൾ സർക്കാരിൽ ലഭ്യമല്ല. |
| (ഡി) | പ്രസ്തുത വ്യവസായ സംരംഭകൻ മേൽപ്പറഞ്ഞ പദ്ധതി ഉപേക്ഷിച്ച് സംസ്ഥാനം വിട്ട് പോകുന്ന സാഹചര്യമുണ്ടായത് സംസ്ഥാനത്തെ വ്യവസായ നിക്ഷേപ സാധ്യതകളെ ഏത് രീതിയിൽ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ഡി) | വ്യവസായ നിക്ഷേപത്തിന് തികച്ചും അനുകൂലമായ അന്തരീക്ഷമാണ് സംസ്ഥാനത്ത് നിലനിൽക്കുന്നതെന്ന് വിലയിരുത്തിയിട്ടുണ്ട്. 2016 മുതൽ MSME യൂണിറ്റുകളുടെ എണ്ണത്തിൽ 100% വർദ്ധന വന്നിട്ടുള്ളതും, 100കോടിക്ക് മുകളിൽ നിക്ഷേപമുള്ള നിരവധി സംരംഭങ്ങൾ ആരംഭിക്കുവാൻ കഴിഞ്ഞിട്ടുള്ളതും ഇതിനു തെളിവാണ്. സംസ്ഥാനത്തെ വ്യവസായികളും അവരുടെ സംഘടനകളുമായി പലവട്ടം ആശയവിനിമയം നടത്തിയിരുന്നു. നിലവിൽ കേരളത്തിലെ വ്യവസായികൾ വളരെ അനുകൂലമായ നിലപാടാണ് കേരളത്തിനായി സ്വീകരിച്ചു വരുന്നത്. |

സെക്ഷൻ ഓഫീസർ